അങ്ങേ വീട്ടിലേക്ക്

ഝാൻസി.
സെന്റ് സേവ്യേഴ്സ് എച്ച്.എസ്സ്
ചെവ്വൂർ

സീൻ 1

തിരക്കഥ - 3 മിനുട്ട്

(കേശവൻ നായരും ഭാര്യയും സംഭാഷണത്തിൽ)

ഭാര്യ - നിങ്ങളുടെ വാശിയൊക്കെ ഒന്നു കളയൂ. എനിക്ക് മോളുടെ വിശേഷമറിയാഞ്ഞിട്ടു തീരെ സുഖമില്ല. അവൾക്കവിടെ നല്ല സ്ഥിതിയാണെങ്കിലും വിവരങ്ങളറിയാഞ്ഞിട്ട്.

കേശവ: സമ്പത്ത് കുറവാണെങ്കിലും ആത്മാഭിമാനം പണയപ്പെടുത്താൻ എന്നെക്കൊണ്ടാവില്ല. നിനിക്കുവേണ്ടി ഞാനും ചെയ്യാം.

(ഭാര്യ വിതുമ്മിക്കരയുന്നു.)

സീൻ 2

മനോഹരമായ വലിയൊരുമാളിക. അതിന്റെ പൂമുഖം അലങ്ക ദീപങ്ങളിൽ ശോഭിക്കുന്നു. മൂന്നോ നാലോ ചെറുപ്പക്കാർ കൂടിയിരുന്നു സംസാരിക്കുന്നു. ഇത്രയും ക്ലോസപ്പിൽ)

ദൂരെ നിന്നും ഒരു വൃദ്ധൻ നടന്നു വരുന്നതിന്റെ വിദൂരമുഖം. അടുത്തുവരുമ്പോൾ കേശവൻനായരാണെന്നു സപ്ഷ്ടമാകുന്നു. പൂമുഖത്തേക്ക് നോക്കിയ ആ വൃദ്ധൻ ഒന്ന് അന്ധാളിച്ചു. യോഗ്യനായ ഒരു യുവാവ് (മരുമകൻ) കൂട്ടുകാരെയും വൃദ്ധനെയും മാറി മാറി നോക്കുന്നു. വൃദ്ധന്റെ നില്പ്പും യുവാവിന്റെ ഭാവപ്പകർച്ചയും കണ്ട് ഒരാൾ.

കൂട്ടുകാരൻ - എന്താ - എന്തുപ്പറ്റി? ഈ വൃദ്ധൻ എന്താണിവിടെ പരുങ്ങി നിൽക്കുന്നത്?

(ഇതിനിടെ പൂമുഖത്തേക്കുന്ന വന്ന യുവാവിന്റെ ഭാര്യ മുറ്റത്ത് തന്റെ അച്ഛനെ കണ്ടു. മുന്നോട്ടു വരുന്നതിനിടയിൽ യുവാവിന്റെ മുഖത്തേക്ക് നോക്കി. മുഖഭാവം കണ്ട് ഇതി കർത്തവ്യ താമൂഢമായി വാതിലിൽപ്പടിയിൽ ചാരി നിൽക്കുന്നു.

ഈ രംഗങ്ങൾ കണ്ട മറ്റൊരു കൂട്ടുകാരൻ .

കുട്ടു - എന്തു പറ്റി? ഈ വൃദ്ധൻ നിങ്ങളെയാരാ.

യുവാവ് - (ഭാര്യയെ നോക്കി) ഭാനു, ഇയാളെ അപ്പുറതേത്ക്ക് കൂട്ടികൊണ്ടുപോയി വല്ലതും കൊടുക്കൂ.

കേശവൻനായർ (കുഴഞ്ഞു കൊണ്ട്) അയ്യോ...................എനിക്ക് എന്തോ സംഭവിച്ചു. വയസ്സായില്ലേ അതിന്റെ കുഴപ്പമാണ് ഈ ഓർമ്മക്കുറവ്. ഞാൻ വഴി തെറ്റിയാണ് ഇവിടേക്കു വന്നത്. അങ്ങേ വിട്ടീലേക്കാണ്  എനിക്ക് പോകേണ്ടത്. ശല്യായി കാണ രുത്. ഞാനിറങ്ങ്വാ.....................

(കേശവൻ നായർ തിരിച്ചിറങ്ങുന്നു. യുവാവിന്റെ മുഖം കൂടുതൽ വിവർണ്ണം. ഭാനുമ തിയുടെ കണ്ണിൽനിന്നും കണ്ണീർ പ്രവഹിക്കുന്നു.)

എന്റെ മലയാളം നമ്മുടെ മലയാളം ബ്ലോഗ്